DESPATCHED On..20.1.2020

8/01/2020




# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


## ഹർജി നമ്പർ **CP No.994(1)/2019**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*19138/എസ്.ഐ.സി–ജി 4/2019*)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. വസന്ത,
റ്റി.സി. 24/69, പൗണ്ട് കുളം,
തൈക്കാട് വില്ലേജ്, തിരുവനന്തപുരം } പരാതി ഹർജിക്കാരി

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (ജി) സെക്ഷൻ,
താലൂക്ക് ഓഫീസ്, കാട്ടാക്കട,
തിരുവനന്തപുരം } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28.10.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.11.2019 |
| പരാതി ഹർജി നൽകിയ തീയതി | 25.11.2019 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 25.11.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് തീയതി & സ്ഥലം | 16.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. വസന്ത കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട രേഖകൾ നൽകാൻ

കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട ആധാരത്തിന്റെ സകല വിവരങ്ങളും നൽകാൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി പ്രസ്താവിച്ചത്, തിരുവനന്തപുരം നെയ്യാറ്റിൻകര വിളപ്പിൽശാല ഊറ്റുകുഴി നെടുമ്പാറ വിജിത് ഭവനിൽ കുമാരി തങ്കം ബോധിപ്പിച്ച അപേക്ഷയിന്മേൽ വിളപ്പിൽ വില്ലേജിൽ റീസർവ്വെയിൽ 4/10 ലും ബ്ലേക്ക് നമ്പർ 2-ലും ഉൾപ്പെട്ട ഹർജിക്കാരിയുടെയും ഭർത്താവിന്റെയും പൂർണ്ണ ഉടമസ്ഥതയിലും കൈവശത്തിലുമുള്ളതും വിളപ്പിൽ വില്ലേജിലെ 6962 നമ്പർ തണ്ടപ്പേരിലുള്ള 15 സെന്റ് വസ്തു (06.07 ആർ) വിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച തുടർ നടപടികൾ ലഭിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ താഴെപ്പറയുന്ന രേഖകൾ നൽകണമെന്നുമാണ്.

i. കുമാരി തങ്കം ബോധിപ്പിച്ച അപേക്ഷയുടെ പകർപ്പ്

ii. കുമാരി തങ്കം ഹാജരാക്കിയ ആധാരത്തിന്റെയും കരം തീരുവയുടേയും പകർപ്പ്

iii. 27.09.2019 ന് ശേഷം ടി അപേക്ഷയിന്മേൽ എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടങ്കിൽ അതിന്റെ പകർപ്പ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി 07.11.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, വിവരാവകാശ നിയമ പ്രകാരം ഒരു വ്യക്തിക്ക് അവകാശപ്പെട്ട സ്വകാര്യ രേഖകൾ/ആധാരങ്ങൾ തുടങ്ങിയവ ടിയാന്റെ രേഖാമൂലമുള്ള സമ്മതപ്രകാരം മാത്രമേ മൂന്നാമതൊരു കക്ഷിക്ക് അനുവദിക്കാൻ പാടുള്ളു എന്നും കുമാരി തങ്കം ഹാജരാക്കിയ ആധാരം കരം തീർത്ത രസീത് എന്നിവ ഹർജിക്കാരിക്ക് നൽകുന്നതിന് സമ്മതമുണ്ടോ എന്ന് ആരാഞ്ഞ് ടിയാൾക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ടി വിവരം ലഭിച്ചാൽ ഉടൻ അക്കാര്യം ഹർജിക്കാരിയെ അറിയിക്കുന്നതാണെന്നും ശ്രീമതി. കുമാരി തങ്കം സമർപ്പിച്ച അപേക്ഷയുടെ പകർപ്പിനായി 2 രൂപ ഫീസ് ഒടുക്കണമെന്നും 27.09.2019 ന് ശേഷം ശ്രീമതി. കുമാരി തങ്കത്തിന്റെ അപേക്ഷയിന്മേൽ തീരുമാനം ആയിട്ടില്ല എന്നുമാണ്. പിന്നീട് 19.11.2019 തീയതി എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ ഹർജിക്കാരി ആവശ്യപ്പെട്ട പകർപ്പ് നൽകുന്നുവെന്ന് അറിയിച്ചതായി കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, ശ്രീമതി. കുമാരി തങ്കം എതിർകക്ഷി ഓഫീസിൽ നിന്നും സമ്മതം ആരാഞ്ഞുകൊണ്ട് നൽകിയ കത്തിന്മേൽ മറുപടി ഒന്നും നൽകാത്തതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖ നൽകുന്നതിലേക്കായി ഫീസ് ഒടുക്കണമെന്ന് നിർദ്ദേശിച്ച് 02.12.2019 തീയതി ഹർജിക്കാരിക്ക് അറിയിപ്പ് നൽകിയിരുന്നുവെന്നും എന്നാൽ ആയതു പ്രകാരമുള്ള ഫീസ് ഹർജിക്കാരി നാളിതുവരെ ഒടുക്കിയിട്ടില്ല എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരയുടെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ഹരജിക്കാരിക്ക് നൽകിയിട്ടുളളതായി കാണുന്നു. അപ്രകാരം തന്നെ മൂന്നാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയിട്ടുളളതായും കാണുന്നു. രണ്ടാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖ സംബന്ധിച്ച് ബന്ധപ്പെട്ട മൂന്നാം കക്ഷിയുടെ സമ്മതം തേടിയിരുന്നു എന്നും ആയതു പ്രകാരം ടി മൂന്നാം കക്ഷിയിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ ടി ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾക്കായി ഫീസ് ഒടുക്കുവാൻ ഹർജിക്കാരിയോട് നിർദ്ദേശിച്ചിട്ടുളളതായും കാണുന്നു. എന്നാൽ നാളിതുവരെ ഹർജിക്കാരി ടി രേഖകൾക്കായി ഫീസ് ഒടുക്കിയിട്ടുളളതായി കാണുന്നില്ല. എതിർകക്ഷി നിർദ്ദേശിച്ച പ്രകാരം ഫീസ് ഒടുക്കുന്ന മുറയ്ക്ക് ടി രേഖകൾ നൽകുന്നതാണെന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിക്കുകയും ചെയ്തു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമ പ്രകാരം എതിർകക്ഷിയുടെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്നു കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ജനുവരി 08-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി
dp